(ബി) സംസ്ഥാനത്ത് സബ് ഡിവിഷനുകൾ, സർക്കിളുകൾ, പോലീസ് സ്റ്റേഷനുകൾ എന്നിവയുടെ അതിർത്തികൾ പുനഃനിർണ്ണയം ചെയ്ത് ആവശ്യമെങ്കിൽ പുതിയ സബ് ഡിവിഷനുകളും, സർക്കിളുകളും, പോലീസ് സ്റ്റേഷനുകളും ആരംഭിക്കുന്നത് സംബന്ധിച്ച വിശദമായ പ്രൊപ്പോസലുകൾ സമർപ്പിക്കുവാൻ എല്ലാ ജില്ലാ പോലീസ് മേധാവിമാരോടും പോലീസ് ഡയറക്ടർ ജനറൽ ആവശ്യപ്പെട്ടിട്ടുണ്ട്. ചില യൂണിറ്റുകളിൽ നിന്ന് കൂടി പ്രൊപ്പോസലുകൾ ലഭിക്കുവാനുണ്ട്. ആയത് ലഭിച്ചാലുടൻ ഇത് സംബന്ധിച്ച് വിശദമായ പരിശോധനയ്ക്കുശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) നാളിതുവരെ മൂന്നുഘട്ടങ്ങളിലായി 148 പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി പോലീസ് സംവിധാനം നടപ്പിലാക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ വർഷം പുതുതായി ജനമൈത്രി പോലീസ് സംവിധാനം നടപ്പാക്കുന്നത് സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്.

പോലീസ് നവീകരണ ഫണ്ട്

5 (1468) ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രമാതൃകയിൽ സംസ്ഥാനതലത്തിലും ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് (ബി.പി.ആർ.ഡി.) രൂപീകരിക്കുന്നതിന് കേന്ദ്രം സംസ്ഥാന ആഭ്യന്തരവകുപ്പിന് നിർദ്ദേശം നൽകിയിരുന്നോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ ആവശ്യങ്ങൾക്കായി കേന്ദ്രം പോലീസ് നവീകരണഫണ്ട് എന്ന പേരിൽ സഹായം നൽകിയിരുന്നോ ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

(സി) സംസ്ഥാന ആഭ്യന്തരവകുപ്പ് ആവശ്യമായ നിർദ്ദേശങ്ങൾ സമയബന്ധിതമായി കേന്ദ്രത്തിനു സമർപ്പിക്കാത്തതുമൂലം ഫണ്ട് ലാപ്സായ സാഹചര്യമുണ്ടായിട്ടുണ്ടോ ;

(ഡി) എങ്കിൽ പോലീസ് സേനയെ നവീകരിക്കാനുള്ള കേന്ദ്ര സഹായം നഷ്ടപ്പെടാനുണ്ടായ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റിന്റെകീഴിൽ പ്രവർത്തിക്കുന്ന ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് (ബി.പി.ആർ.ഡി.) മാതൃകയിൽ സംസ്ഥാനത്തിന്റെ പ്രത്യേക ആവശ്യങ്ങളും സാഹചര്യങ്ങളും പരിഗണിച്ചുകൊണ്ട് സംസ്ഥാനതലത്തിലും റിസർച്ച് ആന്റ് ഡെവലപ്മെന്റ് ബ്യൂറോ ആരംഭിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

(ബി.പി.ആർ.ഡി.) ഡയറക്ടർ ജനറലിന്റെ ഒരു കത്ത് ലഭിച്ചിരുന്നു. പോലീസ് ട്രെയിനിംഗ് കോളേജിന്റെ ഭാഗമായി സ്റ്റേറ്റ് ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് എന്നൊരു വിഭാഗം ആരംഭിക്കുന്നതിന് വേണ്ട പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് എ.ഡി.ജി.പി. ട്രെയിനിംഗിനെ ചുമതല പ്പെടുത്തിയിട്ടുണ്ട്.

(ബി) എം.ഒ.പി.എഫ്. സ്കീമിൽ റിസർച്ച് ആന്റ് ഡെവലപ്മെന്റ് ബ്യൂറോ (ബി.പി.ആർ.ഡി.) രൂപീകരിക്കുന്നതിന് കേന്ദ്ര സർക്കാർ കേരളത്തിന് ഫണ്ട് വകയിരുത്തിയതായി ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല.

(സി&ഡി) ഉത്തരം (ബി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

സംസ്ഥാനത്തെ ഹോം ഗാർഡുകൾ

6 (1470) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം ഹോം ഗാർഡുകളായി സംസ്ഥാനത്ത് എത്ര പേരെയാണ് നിയമിച്ചിട്ടുള്ളത് ;

(ബി) ഏതെല്ലാം മേഖലയിലാണ് ഇവരെ വിന്യസിച്ചിട്ടുള്ളത് ;

(സി) ഇതിലൂടെ ക്രമസമാധാന പാലനരംഗത്ത് ഉണ്ടായ നേട്ടം എന്താണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) കണ്ണൂർ ജില്ലയിൽ ഹോം ഗാർഡുകളായി എത്രപേർക്ക് നിയമനം നൽകി എന്നറിയിക്കുമോ ?

ഉത്തരം

(എ) 2912 പേരെ.

(ബി) പോലീസ് വകുപ്പിലും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിലും കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലും ഹോം ഗാർഡുകളെ വിന്യസിച്ചിട്ടുണ്ട്.

(സി) ഹോം ഗാർഡുകളെ ട്രാഫിക് ഡ്യൂട്ടിയ്ക്ക് നിയമിക്കുന്നതുകൊണ്ട് കൂടുതൽ സേനാംഗങ്ങളെ ക്രമസമാധാനപാലനരംഗത്ത് ഡ്യൂട്ടിക്കായി നിയോഗിക്കാൻ കഴിയുന്നുണ്ട്. ക്രമാതീതമായി വർദ്ധിച്ച വാഹന തിരക്കുകൾ നിയന്ത്രിക്കുന്നതിന് പോലീസുദ്യോഗസ്ഥർക്ക് ഹോം ഗാർഡുകളുടെ സേവനം കൂടി ലഭിക്കുന്നതുമൂലം പോലീസ് ഉദ്യോഗസ്ഥർക്ക് കുറ്റാന്വേഷണ മേഖലയിലും ക്രമസമാധാന മേഖലയിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുന്നുണ്ട്.

(ഡി) 200.

LIBRARY ARCHIVES Kerala Legislative Assembly